**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3165** **26-06-2024 - ൽ മറുപടിയ്ക്ക്**

**വിവിധ റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഇരിട്ടി താലൂക്ക് ആസ്ഥാനവുമായി വിവിധ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാടത്തിൽ-എടൂർ-കീഴ്പ്പള്ളി-ആറളം ഫാം -കാക്കയങ്ങാട്, ഇരിട്ടി-ഉളിക്കൽ-മാട്ടറ എന്നീ റോഡുകൾ നവീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (എ) | മാടത്തിൽ - എടൂർ - കീഴ്പ്പള്ളി - ആറളം ഫാം - കാക്കയങ്ങാട് റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അസറ്റ് രജിസ്റ്റർ പ്രകാരം മാടത്തിൽ - കീഴ്പ്പള്ളി, പാലപ്പുഴ - കീഴ്പ്പള്ളി, കാക്കയങ്ങാട് - ഓടന്തോട് എന്നീ മൂന്നു റോഡുകളാണ്. ഇതിൽ മാടത്തിൽ - കീഴ്പ്പള്ളി വരെ 12 കി.മീ. ദൈർഘ്യം വരുന്ന റോഡാണ്. ഈ റോഡ് 2012-13 വർഷങ്ങളിൽ ദേശീയപാത വിഭാഗം ഏറ്റെടുക്കുകയും സി.ആർ.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. പാലപ്പുഴ - കീഴ്പ്പള്ളി റോഡിന്റെ നീളം 9.78 കിലോമീറ്ററും, കാക്കയങ്ങാട് - ഓടന്തോട് റോഡിന്റെ നീളം 3.2 കിലോമീറ്ററുമാണുള്ളത്. മൂന്നു റോഡുകളുടെയും ആകെ നീളം 24.98 കിലോമീറ്ററാണ്. ഈ റോഡുകൾ പുനരുദ്ധരിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br><br>ഇരിട്ടി - ഉളിക്കൽ - മാട്ടറ റോഡ് കി.മീ. 0/000 മുതൽ കി.മി. 10/250 വരെ 5.5 മിറ്റർ വീതിയിൽ ബി.എം & ബി.സി നിലവാരത്തിൽ നവീകരിച്ചിട്ടുള്ളതാണ്. കി.മീ. 10/250 മുതൽ കി.മീ. 17/760 വരെയുള്ള റോഡ് എം.എസ്.എസ്. പ്രതലം ഉള്ളതാണ്. വട്ടിയംതോട് ജംഗ്ഷൻ മുതൽ മാട്ടറ വരെ 2.400 കി.മീ. (Ch.10/250 മുതൽ 12/650 വരെ) ബി.എം. & ബി.സി നിലവാരത്തിൽ നവീകരിക്കുന്നതിന് 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ